**Code No. 7028**

*For Scheme-I Candidates only*

**Second Year – March 2015**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# POLITICAL SCIENCE

Maximum : 80 Scores

***General Instructions to Candidates :***

- There is a 'cool-off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool-off time'.
- Use the 'cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except non-programmable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. Write a short note on Green Revolution. How this contributed to the food security in India ? **(Scores : 3)**

2. Match the following :

| | | |
|---|---|---|
| Dr. Syamaprasad Mukherjee | – Stood for Dalit Justice | – Communist Leader |
| Pattom Thanupillai | – was the leader of opposition in Lok Sabha | – was a member of the Nehru Cabinet |
| A.K. Gopalan | – Founder of BJS | – Architect of Indian Constitution |
| Dr. B.R. Ambedkar | – Socialist Leader | – was the Chief Minister of Kerala |

**(Scores : 4)**

3. The failure of V.V. Giri, official Presidential candidate of the Congress Party, completed the split in the Congress Party. Explain the circumstances lead to the split in the Congress Party in 1969. **(Scores : 3)**

4. After the establishment of UN, so many new states were evolved in the international arena.

   There is heated discussions on the re-structuring of UN.

   Discuss, how the UN should be restructured catering to the present international needs. What will be the role of India in the restructured UN ? **(Scores : 6)**

1. ഹരിത വിപ്ലവത്തെക്കുറിച്ച് ചെറു കുറിപ്പ് എഴുതുക. ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷയ്ക്ക് ഇത് എന്തു സംഭാവനയാണ് നൽകിയത് ? **(സ്കോർസ് : 3)**

2. **ചേരുംപടി ചേർക്കുക.**

| | | |
|---|---|---|
| ഡോ. ശ്യാമപ്രസാദ് മുഖർജി | – ദളിത് നീതിക്കുവേണ്ടി നിലകൊണ്ടു | – കമ്മ്യൂണിസ്റ്റ് നേതാവ് |
| പട്ടം താണുപിള്ള | – ലോക സഭയിലെ പ്രതിപക്ഷ നേതാവായിരുന്നു | – നെഹ്റു മന്ത്രിസഭയിലെ അംഗമായിരുന്നു |
| എ.കെ. ഗോപാലൻ | – BJS-ന്റെ സ്ഥാപകൻ | – ഇന്ത്യൻ ഭരണഘടനാ ശില്പി |
| ഡോ. ബി. ആർ. അംബദ്ക്കർ | – സോഷ്യലിസ്റ്റ് നേതാവ് | – കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നു |

**(സ്കോർസ് : 4)**

3. ഇന്ത്യൻ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള കോൺഗ്രസ്സിന്റെ ഔദ്യോഗിക സ്ഥാനാർത്ഥി ആയിരുന്ന വി.വി. ഗിരിയുടെ പരാജയം 1969-ൽ കോൺഗ്രസ് പിളർപ്പ് പൂർണ്ണമാക്കി. കോൺഗ്രസ് പിളരാൻ ഇടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കുക.

**(സ്കോർസ് : 3)**

4. U.N-ന്റെ സ്ഥാപനത്തിനുശേഷം നിരവധി പുതിയ രാഷ്ട്രങ്ങൾ അന്തർദ്ദേശീയ സമൂഹത്തിൽ ഉണ്ടായി വന്നിട്ടുണ്ട്.

യു.എൻ. പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചൂടേറിയ വാദ പ്രതിവാദങ്ങൾ ഉണ്ടാകാറുണ്ട്.

ഇന്നത്തെ അന്തർദ്ദേശീയ ആവശ്യത്തിനനുസരിച്ച് U.N-നെ എങ്ങനെ പുനഃസംഘടിപ്പിക്കാം ? അതിൽ ഇന്ത്യയുടെ പങ്ക് എന്തായിരിക്കണം ? **(സ്കോർസ് : 6)**

5. 'Terrorists never respect any international laws.' Hence terrorism is considered as a new threat to security. Explain any two other new sources of threats to security.

**(Scores : 4)**

6. Discuss briefly on Anti-Arrack Movement. How this movement related to other movements in India ? **(Scores : 3)**

7. Dravidian Movement is the oldest regional movement in India. Discuss the origin and development of the movement. **(Scores : 3)**

8. Corruption is the curse of the contemporary Indian Politics. In this context discuss the importance of Lok Pal in India. **(Scores : 2)**

9. 'Demolition of the Babri Mazjid is considered as a blow to Indian Secularism.' How the Ram Janma Bhumi-Babri Mazjid issue influenced Indian politics ? Discuss.

**(Scores : 3)**

10. Match the following :

| | | | | |
|---|---|---|---|---|
| Lal Danga | – | Akali Dal | – | Mizoram |
| Praphulla Kumar Mahanta | – | MNF | – | Assam |
| Longowal | – | AGP | – | Punjab |

**(Scores : 3)**

5. ‘തീവ്രവാദികൾ അന്തർദ്ദേശീയ നിയമങ്ങളെ ഒരിക്കലും ബഹുമാനിക്കാറില്ല.’

അതിനാൽ തീവ്രവാദത്തെ സുരക്ഷയുടെ ഒരു പുതിയ ഭീഷണിയായി കരുതുന്നു.

സുരക്ഷയുടെ മറ്റു രണ്ടു പുതിയ സ്രോതസ്സുകളെ കണ്ടെത്തി വിശദീകരിക്കുക.

**(സ്കോർസ് : 4)**

6. ചാരായ വിരുദ്ധ പ്രസ്ഥാനത്തെക്കുറിച്ച് ചുരുക്കി എഴുതുക. ഈ പ്രസ്ഥാനം മറ്റു പ്രസ്ഥാനങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ? **(സ്കോർസ് : 3)**

7. ഇന്ത്യയിലെ ആദ്യകാല പ്രാദേശിക പ്രസ്ഥാനമായിരുന്നു ദ്രാവിഡ പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന്റെ ഉത്ഭവവും വികാസവും ചർച്ച ചെയ്യുക. **(സ്കോർസ് : 3)**

8. ആനുകാലിക രാഷ്ട്രീയത്തെ ബാധിച്ചിരിക്കുന്ന വലിയ ശാപമാണ് അഴിമതി. ഇന്ത്യയിൽ ഒരു ലോക്പാലിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക. **(സ്കോർസ് : 2)**

9. ‘ബാബറി മസ്ജിദിന്റെ പതനം ഇന്ത്യൻ മതേതരത്വത്തിനേറ്റ കനത്ത തിരിച്ചടിയാണ്.’

രാമ ജന്മഭൂമി-ബാബറി മസ്ജിദ് പ്രശ്നം ഇന്ത്യൻ രാഷ്ട്രീയത്തെ എങ്ങനെ സ്വാധീനിച്ചു ? ചർച്ച ചെയ്യുക. **(സ്കോർസ് : 3)**

10. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| ലാൽഡംഗ | – അകാലി ദൾ | – മിസോറാം |
| പ്രഫുല്ല കുമാർ മഹന്ത | – എം.എൻ.എഫ്. | – അസ്സം |
| ലോംഗോവാൾ | – എ.ജി.പി. | – പഞ്ചാബ് |

**(സ്കോർസ് : 3)**

11. Today Environmental Degradation is considered as the greatest threat to the world's existence.

Identify any three such environmental problems.

How we can prevent such degradations ? **(Scores : 3)**

12. The critics of Globalization argue that 'Globalization is povertisation'. Do you agree with that argument ?

Discuss the economic consequences of globalization.

**(Scores : 3)**

13. Write a brief note on Indo-China relations.

How Indo-China War of 1962 affected India domestically and internationally ?

**(Scores : 7)**

14. Name the chief activist associated with Narmada Bachao Andolan.

**(Score : 1)**

15. Discuss the circumstances which led to the declaration of emergency in India.

**(Scores : 4)**

11. ലോകത്തിന്റെ നിലനില്പിനുതന്നെ പരിസ്ഥിതി നാശം വലിയ ഭീഷണിയാണ്.

അത്തരത്തിലുള്ള മൂന്ന് പരിസ്ഥിതി പ്രശ്നങ്ങൾ തിരിച്ചറിയുക.

നമുക്ക് പരിസ്ഥിതി നാശത്തെ എങ്ങനെ പ്രതിരോധിക്കാം ? **(സ്കോർസ് : 3)**

12. ആഗോളവൽക്കരണത്തിന്റെ വിമർശകർ, 'ആഗോളവൽക്കരണം ദരിദ്ര്യവൽക്കരണ' മാണെന്ന് വാദിക്കാറുണ്ട്.

നിങ്ങൾ ഈ വാദഗതിയോട് യോജിക്കുന്നുണ്ടോ ?

ആഗോളവൽക്കരണത്തിന്റെ സാമ്പത്തിക പ്രത്യാഘാതത്തെക്കുറിച്ച് ചർച്ച ചെയ്യുക.

**(സ്കോർസ് : 3)**

13. ഇന്തോ-ചൈന ബന്ധത്തെക്കുറിച്ച് ചുരുക്കി എഴുതുക.

1962-ലെ ഇന്തോ-ചൈന യുദ്ധം ആഭ്യന്തര രംഗത്തും അന്തർദ്ദേശീയ രംഗത്തും ഇന്ത്യയ്ക്കുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്തെല്ലാം ? **(സ്കോർസ് : 7)**

14. നർമ്മദാ ബചാവോ ആന്ദോളനുമായി ബന്ധപ്പെട്ടിരിക്കുന്ന പ്രധാന പ്രവർത്തക ആരാണ് ? **(സ്കോർ : 1)**

15. ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ ചർച്ച ചെയ്യുക. **(സ്കോർസ് : 4)**

16. Complete the following chart :

- India
- ______________________
- Nepal
- ______________________

  Bhutan
- ______________________

  Maldives
- ______________________

**(Scores : 2)**

17. Which are the pillars of ASEAN community ? What are their common objectives ?

**(Scores : 4)**

18. Give a brief note on Shock therapy. **(Scores : 2)**

19. Cold War was not limited to power rivalry alone but it extended to ideological conflict. Explain on the basis of Cuban Missile crisis. **(Scores : 4)**

20. Write a brief note on the ethnic conflict in Sri Lanka. **(Scores : 2)**

16. താഴെ പറയുന്ന ചാർട്ട് പൂർത്തിയാക്കുക.

- ഇന്ത്യ
- ____________________
- നേപ്പാൾ
- ____________________
- ഭൂട്ടാൻ
- ____________________
- മാലി ദ്വീപുകൾ
- ____________________

**(സ്കോർസ് : 2)**

17. ആസിയാൻ സമൂഹത്തിന്റെ അടിസ്ഥാന ശിലകൾ ഏതെല്ലാം ? അവയുടെ പൊതു ലക്ഷ്യങ്ങൾ എന്തെല്ലാം ? **(സ്കോർസ് : 4)**

18. ഷോക്ക് തെറാപ്പിയെക്കുറിച്ച് വിവരിക്കുക. **(സ്കോർസ് : 2)**

19. അധികാര വടംവലി എന്നതിനെക്കാളുപരി ശീത സമരം ഒരു ആശയ സംഘട്ടനംകൂടി ആയിരുന്നു. – ക്യൂബൻ മിസൈൽ പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. **(സ്കോർസ് : 4)**

20. ശ്രീലങ്കയിലെ വംശീയ പോരാട്ടത്തെക്കുറിച്ച് വിശദീകരിക്കുക. **(സ്കോർസ് : 2)**

21. "The scars of Indian partition still exist even sixty years after independence." From the above statement explain the consequences of Indian partition.

**(Scores : 4)**

22. The First Five Year Plan stressed on agriculture and the Second Five Year Plan stressed on rapid industrialization.

There is always heated controversy over agriculture and industry for nation's development. Examine different dimensions of this controversy. **(Scores : 4)**

23. President Obama is the Chief Guest of the Republic Day celebrations of 2015.

Examine India's relation with US after the Cold War. **(Scores : 6)**

---

21. "ഇന്ത്യൻ വിഭജനത്തിന്റെ വടുക്കൾ സ്വാതന്ത്ര്യത്തിന് 60 വർഷങ്ങൾക്കുശേഷവും നിലനിൽക്കുന്നു."

മേൽപറഞ്ഞ പ്രസ്താവനയിൽ നിന്നും ഇന്ത്യാ വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ വിവരിക്കുക. **(സ്കോർസ് : 4)**

22. ഒന്നാം പഞ്ചവത്സര പദ്ധതി കൃഷിക്കും രണ്ടാം പദ്ധതി ത്വരിത ഗതിയിലുള്ള വ്യവസായവൽക്കരണത്തിനും ഊന്നൽ നൽകി. രാജ്യത്തിന്റെ വികസനത്തിന് കൃഷി, വ്യവസായം ഇതിൽ ഏതിനാണ് പ്രാധാന്യം നൽകേണ്ടത് എന്നതു സംബന്ധിച്ച് എന്നും വിവാദങ്ങളുണ്ടാകാറുണ്ട്. ഈ വിവാദത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുക. **(സ്കോർസ് : 4)**

23. 2015-ലെ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ മുഖ്യാതിഥി യു.എസ്. പ്രസിഡന്റ് ഒബാമയാണ്. ശീത സമരത്തിനുശേഷമുള്ള ഇന്തോ-യു.എസ്. ബന്ധത്തെ വിശകലനം ചെയ്യുക.

**(സ്കോർസ് : 6)**

---